**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.288 — 28.11.2018 ൽ മറുപടിക്ക്

## ദേവികുളം സി.എച്ച്.സി.യിലെ പ്രസവ വാർഡിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ദേവികുളം മണ്ഡലത്തിലെ സി.എച്ച്.സി.യിൽ നിർമ്മാണം പൂർത്തിയായ പ്രസവ വാർഡ് തുറന്ന് പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രസവ വാർഡ് കെട്ടിടം പണി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിൽ വൈദ്യുതി ലഭ്യമായിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത കെട്ടിടത്തിൽ ഭൗതീക സൗകര്യങ്ങൾ പൂർത്തീകരിച്ച് ആരോഗ്യ വകുപ്പിന് കൈമാറ്റം ചെയ്തു നൽകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിച്ച് പ്രവർത്തന സജ്ജമാക്കുവാൻ കഴിയുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത വാർഡ് തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ